ശ്രീ. പി. ജെ. ജോസഫ് : 2100 കോടി രൂപയ്ക്കുള്ള വർക്കുകളാണ് ഏറ്റെടുത്തിട്ടുള്ളത്. 1800 കി.മീ. റോഡാണ് ആദ്യഘട്ടത്തിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ആഗസ്റ്റ് മാസത്തോടുകൂടി ഫണ്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. നാലുകൊല്ലക്കാലത്തെ പരിശ്രമഫലമായിട്ടാണ് ഇതിനുള്ള അംഗീകാരം കിട്ടിയത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ എസ്റ്റേറ്റുകൾ നേരിടുന്ന പ്രതിസന്ധി

6 (*93) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകൾ വൻ പ്രതിസന്ധി നേരിടുകയാണെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പ്രതിസന്ധിയുണ്ടാക്കുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വിശദീകരിക്കാമോ ;

(സി) ചെറുകിട വ്യവസായങ്ങൾക്ക് സബ്സിഡി നൽകുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തുകയും ചെയ്യുന്നതായ സാഹചര്യം സംജാതമായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) ഉണ്ട്. ഇതിന് പ്രധാന കാരണം സബ്സിഡിക്കുള്ള അപേക്ഷകരുടെ ബാഹുല്യമാണ്. ഓരോ വർഷവും ഈ ഇനത്തിൽ വകയിരുത്തുന്ന തുകയെക്കാൾ വളരെ വലുതാണ് യഥാർത്ഥത്തിൽ സബ്സിഡിക്കുള്ള ഡിമാന്റ്. എങ്കിലും തുകയുടെ ലഭ്യതയനുസരിച്ച് വലിയ കാലതാമസമില്ലാതെ മുൻഗണനാക്രമത്തിൽ പ്രസ്തുത തുക കൊടുത്തുതീർക്കാൻ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly